ഭാഗം 3

# സാമൂഹിക സേവന രംഗത്തെ പ്രവർത്തനം



© NCERT not to be republished

സാമൂഹിക സേവനം എന്നത് ആളുകളെ സേവിക്കുകയും അവരുമായി വ്യത്യസ്ത രീതികളിൽ ഇടപഴകുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ്. സാമൂഹികസേവന രംഗത്തെ പ്രവർത്തനം എന്ന ഭാഗത്തെ പ്രൊജക്ടുകൾ ആളുകളുമായി എങ്ങനെ പ്രവർത്തിക്കണമെന്ന് പഠിക്കാൻ നിങ്ങളെ സഹായിക്കും. നിങ്ങളുടെ കുടുംബത്തിന്റെയും മറ്റുള്ളവരുടെയും ആരോഗ്യം പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ നിങ്ങൾക്ക് ഏറ്റെടുക്കാം, കുടുംബ ബജറ്റ് ഉണ്ടാക്കുക, ആളുകൾക്ക് മെഹന്ദി ഇട്ടുനൽകുക, അല്ലെങ്കിൽ ഒരു കോമിക് ബുക്ക് തയ്യാറാക്കുക തുടങ്ങി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് രസകരമായ വീഡിയോകളും ഓഡിയോ ക്ലിപ്പുകളും നിർമ്മിക്കാം; കൂട്ടുകാരുമായി ആലോചിച്ച് നിങ്ങൾക്ക് എന്തുചെയ്യാനാകുമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്.

ഈ വിഭാഗവുമായി ബന്ധപ്പെട്ട പ്രൊജക്ടുകളുടെ രണ്ട് ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്, പാവകളുമൊത്തുള്ള കഥാസമയം, കുടുംബാരോഗ്യ കൈപുസ്തകം എന്നിവയാണ് അവ. നിങ്ങൾ ഒരു പ്രൊജക്ട് മാത്രമേ ഏറ്റെടുക്കാവൂ. ഈ പ്രൊജക്ടുകളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാം അല്ലെങ്കിൽ നിങ്ങളുടെ അധ്യാപരുടെ സഹായത്തോടെ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു പ്രൊജക്ട് തയ്യാറാക്കാം.

© NCERT not to be republished

പ്രൊജക്റ്റ് 5

# പാവകളുമൊത്തുള്ള കഥാസമയം

0785CH05

പാവകളുമായി കഥകൾ പറയുന്നതിനെക്കുറിച്ച് പഠിക്കാൻ ഈ പ്രൊജക്റ്റ് നിങ്ങളെ സഹായിക്കും. തിരക്കഥ തയ്യാറാക്കുക, പാവകൾ നിർമ്മിക്കുക, ബാക്ക്ഡ്രോപ്പുകൾ, വസ്തുക്കൾ, ശബ്ദം, വെളിച്ചം, പാവകളി നടത്തുക എന്നിവയെക്കുറിച്ച് ഈ പ്രൊജക്റ്റിലൂടെ പഠിക്കും.

**പ്രൊജക്റ്റിന്റെ ഭാഗമായി നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും:**

- ഒരു കഥ തിരിച്ചറിയുക
- ഒരു തിരക്കഥ എഴുതുക.
- പാവകൾ ഉണ്ടാക്കുക
- ഒരു പാവ കളി അവതരിപ്പിക്കുക.



**ചിത്രം 5.1:** *വിദ്യാർത്ഥികൾ പാവകളി കാണുന്നു.*

© NCERT not to be republished

പ്രായഭേദമന്യേ എല്ലാവരും കഥകൾ കേൾക്കാൻ ഇഷ്ടപ്പെടുന്നു. പുരാതന കാലം മുതൽ കഥപറച്ചിൽ പ്രചാരത്തിലുണ്ട്, കാലക്രമേണ കഥപറച്ചിലിന്റെ വിവിധ രൂപങ്ങൾ വികസിച്ചു. ബി.സി. രണ്ടാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനും ഇടയിൽ നിർമ്മിച്ച മഹാരാഷ്ട്രയിലെ ഛത്രപതി സാംഭാജിനഗറിലെ അജന്ത ഗുഹകളിലെ പെയിന്റിംഗുകൾ കഥപറച്ചിലിന്റെ രൂപമാണ്. ജാതകകഥകളാണ് അവിടെ ചിത്രീകരിച്ചിരിക്കുന്നത്..

ബംഗാളിയിലെ ബാവുൾ സംഗീതം, ഉർദുവിലെ ദാസ്തൻഗോയി (Dastangoi), വിവിധ ഇന്ത്യൻ ഭാഷകളിലുള്ള കഥാപ്രസംഗങ്ങൾ/കഥകൾ, രാജസ്ഥാനിലെ കാവഡ്, കേരളത്തിലും കർണാടകത്തിലുമുള്ള യക്ഷഗാനം, രാജ്യത്തുടനീളം അരങ്ങേറുന്ന രാംലീല എന്നിവയിലൂടെ ഇന്നുവരെ തുടർന്നുപോരുന്ന ഒരു വാചിക കഥപറച്ചിൽ രീതികൾ ഇന്ത്യയ്ക്കുണ്ട്. തടി കൊണ്ടുള്ള ഉപകരണം ഉപയോഗിച്ചാണ് കാവദ് വിവരിക്കുന്നത്. യക്ഷഗാനം, രാം ലീല എന്നീ കലാരൂങ്ങളിൽ സംഭാഷണങ്ങൾക്കൊപ്പം സംഗീതം, മുഖംമൂടികൾ, വസ്ത്രങ്ങൾ എന്നിവയും ഉപയോഗിക്കുന്നു. പരമ്പരാഗതമായി, ഈ പ്രകടനങ്ങൾ ഒരു ലിഖിത തിരക്കഥയില്ലാതെയാണ് അവതരിപ്പിക്കുന്നത്.



**ചിത്രം 5.2:** *നിഴൽപ്പാവകളുടെ പ്രകടനത്തിലൂടെ പുരാതന ഇതിഹാസങ്ങളിൽ നിന്നുള്ള കഥകൾ പറയാറുണ്ട്.*

കഥപറച്ചിൽ രീതികൾ മാറിക്കൊണ്ടിരിക്കുന്നു, ഉദാഹരണത്തിന്, ആധുനിക കാലത്ത് കഥപറച്ചിലിന്റെ ഒരു ജനപ്രിയ രൂപമാണ് എഴുത്ത്. എഴുത്തിനൊപ്പം ഫോട്ടോഗ്രാഫി, സിനിമ, ആനിമേഷൻ തുടങ്ങി നിരവധി രൂപങ്ങളും കഥപറച്ചിലിനായി ഉപയോഗിക്കുന്നു.

ചില പരമ്പരാഗത കഥ പറച്ചിൽ രീതികൾ മുമ്പത്തെപ്പോലെ ഇന്ന് ജനപ്രിയമല്ല, ചില ആളുകൾ കഥപറച്ചിലിന്റെ ആധുനികരീതികൾ ഇഷ്ടപ്പെടുന്നു. എന്നാൽ പണ്ടുണ്ടായിരുന്നതും ഇന്നും നിലനിൽക്കുന്നതുമയ കഥ പറച്ചിൽ രീതിയാണ് പാവകളെ ഉപയോഗിച്ച് കഥ പറയുക എന്നത് (ചിത്രങ്ങൾ 5.2).

അതുകൊണ്ട്, കീ കൊടുത്തു പ്രവർത്തിപ്പിക്കുന്ന ഒരു കളിപ്പാവയെ ഇവിടെ 'പാവ'യായി കണക്കാക്കാനാവില്ല. എന്നാൽ കണ്ണും മൂക്കും വായയും തുന്നിച്ചേർത്ത വെറുമൊരു സോക്സ് ആണെങ്കിൽ പോലും, അത് പ്രവർത്തിപ്പിക്കുന്ന ആളുടെ സഹായത്തോടെ ചലിക്കുന്നുണ്ടെങ്കിൽ അതിനെ ഒരു പാവയായി കണക്കാക്കാം.

ഒരു കഥ പറയാൻ പാവകളെ കൈ കൊണ്ടോ വടികൊണ്ടോ ചരടുകൊണ്ടോ

© NCERT not to be republished

ചലിപ്പിക്കുന്ന കലയാണ് പാവക്കൂത്ത്. കലാപഠനത്തിൽ ഇത് നിങ്ങൾ പഠിച്ചിരിക്കാം.

ഒന്നോ രണ്ടോ മനുഷ്യരും കുറച്ച് പാവകളുമുണ്ടെങ്കിൽ നിങ്ങൾക്ക് പാവക്കൂത്ത് നടത്താം. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകാനും വൈവിധ്യമാർന്ന കഥകൾ പറയാനും പാവക്കൂത്തിലൂടെ കഴിയും.

ആളുകൾ ചർച്ച ചെയ്യാൻ മടിക്കുകയോ അല്ലെങ്കിൽ അകലം പാലിക്കുകയോ ചെയ്യുന്ന സാമൂഹിക സന്ദേശങ്ങളും വിഷയങ്ങളും ചർച്ച ചെയ്യാൻ പാവകളി ഉപയോഗിച്ചിട്ടുണ്ട്. മനുഷ്യൻ സംസാരിക്കാത്ത വിഷയങ്ങൾ പാവ സംസാരിക്കുമ്പോൾ പ്രേക്ഷകർക്ക് ദേഷ്യമോ അസ്വസ്ഥതയോ തോന്നാറില്ല. പകരം അവരത് കേൾക്കുകയും ചിരിക്കുകയും ചെയ്യും. ഉദാഹരണത്തിന്, സമൂഹത്തിലെ ആസക്തികളും അന്ധവിശ്വാസങ്ങളും മറ്റ് തിന്മകളും ചർച്ച ചെയ്യാൻ പാവകളി ഉപയോഗിച്ചിട്ടുണ്ട്. അനീതിക്കെതിരെ പ്രവർത്തിക്കാൻ ആളുകളെ പ്രചോദിപ്പിക്കാനും അവ ഉപയോഗിച്ചിട്ടുണ്ട്.

### നിങ്ങൾക്കറിയാമോ ?

2012നും 2014നും ഇടയിൽ, പുരാവസ്തു ഗവേഷകർ ചൗതാങ് നദിയുടെ തീരത്തുള്ള രാജസ്ഥാനിലെ കരൺപുരയിൽ സിന്ധു-സരസ്വതി സംസ്കാരത്തിൽപ്പെട്ട ഒരു സ്ഥലം ഖനനം ചെയ്തു കണ്ടെത്തിയിരുന്നു. അവിടെ കാളയുടെ തല പോലെ തോന്നുന്ന ഒരു വസ്തുവും ഉണ്ടായിരുന്നു. അതിന്റെ തല കാണാനില്ലെങ്കിലും, വേർപെടുത്താവുന്ന തല അതിൽ പിടിപ്പിക്കാൻ ഉള്ള തരത്തിലായിരുന്നു. തല ചലിപ്പിക്കാൻ ഒരു ചരട് കടന്നുപോകാൻ കഴിയുന്ന രണ്ട് ആഴമില്ലാത്ത കുഴികളും അതിൽ ഉണ്ടായിരുന്നു.



ചിത്രം 5.3:*പാവയുടെ തലയുള്ള കാള*

© NCERT not to be republished

ഈ പ്രൊജക്റ്റിലൂടെ, നിങ്ങൾക്ക് വ്യത്യസ്ത തരം പാവകളെ നിർമ്മിക്കാനും പാവക്കളി നടത്താനും കഴിയും.

## നിങ്ങൾക്കെന്തൊക്കെ ചെയ്യാൻ കഴിയും?

പ്രൊജക്റ്റിന്റെ അവസാനം നിങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയും :

1. ഒരു കഥയെ അടിസ്ഥാനമാക്കി ഒരു തിരക്കഥ എഴുതുക.
2. വിവിധ തരത്തിലുള്ള വസ്തുക്കൾ ഉപയോഗിച്ച് പാവകൾ ഉണ്ടാക്കുക.
3. കഥയ്ക്കനുസരിച്ച് സംഗീതം, ശബ്ദം, പ്രകാശം, ശബ്ദവിന്യാസ ക്രമം എന്നിവ ഉപയോഗിക്കുക.
4. പാവകളിയിലൂടെ ഒരു കഥ പറയുക.

## നിങ്ങളുടെ പക്കൽ എന്തൊക്കെയാണ് വേണ്ടത്?

നിങ്ങൾക്ക് ഇനിപ്പറയുന്ന വസ്തുക്കൾ ആവശ്യമാണ് :

1. **പാവകൾ നിർമ്മിക്കാൻ:** സ്ലിപ്പറുകൾ, സ്പൂണുകൾ, ചില്ലകൾ, ഇലകൾ, പുറംതൊലി, മുള, പഴയ തുണി, റിബണുകൾ, ഫോർക്കുകൾ, ടെന്നീസ് ബോൾ അല്ലെങ്കിൽ മറ്റേതെങ്കിലും പന്ത്, നിറങ്ങൾ, ബ്രഷുകൾ, പാലറ്റുകൾ, കട്ടർ, കത്രിക, നൂൽ, സൂചി, പശ, ടേപ്പ്, പേപ്പർ ടേപ്പ്, എഴുതാൻ കഴിയുന്ന ഉപരിതലം അല്ലെങ്കിൽ ലഭ്യമായ മറ്റേതെങ്കിലും വസ്തുക്കൾ.
2. **പാവകളെ നീക്കാൻ:** സ്ട്രിംഗ്, ചൂൽ, ചോപ്സ്റ്റിക്കുകൾ അല്ലെങ്കിൽ ലഭ്യമായ മറ്റേതെങ്കിലും വസ്തുക്കൾ.
3. **പ്രോപ്പുകൾ നിർമ്മിക്കുന്നതിന്**: അലുമിനിയം, കാർഡ്ബോർഡ്, ചാർട്ട് അല്ലെങ്കിൽ ലഭ്യമായ മറ്റേതെങ്കിലും മെറ്റീരിയൽ.
4. **പ്രകടനത്തിന്:** കാർഡ്ബോർഡ്, മരത്തടി (ഉപയോഗശൂന്യമായ വസ്തുക്കൾ), ചുറ്റിക, നഖങ്ങൾ, ചാർട്ട്, ബെഡ്ഷീറ്റ്, പെയിന്റ്, മേശ വിരി, ടോർച്ച് , ലാംപ്, ടേബിൾ ലാമ്പുകൾ, സംഗീത ഉപകരണങ്ങൾ, സൗണ്ട് സിസ്റ്റം അല്ലെങ്കിൽ ലഭ്യമായ മറ്റേതെങ്കിലും വസ്തുക്കൾ.

## നിങ്ങൾക്കും മറ്റുള്ളവർക്കും ഏതെല്ലാം രീതിയിൽ സുരക്ഷിതത്വം ഉറപ്പാക്കാം?

പാവകളി രൂപകൽപ്പന ചെയ്യുമ്പോഴും അവതരിപ്പിക്കുമ്പോഴും പാലിക്കേണ്ട മുൻകരുതലുകൾ ഇവയാണ്:

© NCERT not to be republished

1. നിർദ്ദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ ഉപയോഗിക്കുകയും ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ പാലിക്കുകയും ചെയ്യുക.
2. നിങ്ങളുടെ ജോലിസ്ഥലത്ത് ധാരാളം അസംസ്കൃത വസ്തുക്കളും പകുതി പൂർത്തിയായ സൃഷ്ടികളും ഉണ്ടായിരിക്കാം. അവയ്ക്ക് കേടുപാടുകൾ സംഭവിക്കാതെ സുരക്ഷിതമായി സൂക്ഷിക്കണം.
3. നല്ല വായുസഞ്ചാരമുള്ളതും വെളിച്ചമുള്ളതുമായ മുറിയിൽ ജോലി ചെയ്യുക.
4. തിരക്കഥ എഴുതുമ്പോഴും പ്രകടനം നടത്തുമ്പോഴും മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കുകയും നല്ല സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക. നിങ്ങളുടെ കഥയ്ക്ക് മറ്റുള്ളവരുടെ ജീവിതവുമായി ബന്ധമുണ്ടെങ്കിൽ , ബന്ധപ്പെട്ട ആളുകളിൽ നിന്ന് അനുമതി വാങ്ങുക.

**ഇന്റർനെറ്റ് സുരക്ഷ:** ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ നിങ്ങളുടെ അധ്യാപകരോട് സഹായം ചോദിക്കുക. ശ്രദ്ധിക്കുക, ഒന്നും അപ്-ലോഡ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യരുത്. വ്യക്തിപരമായ വിവരങ്ങൾ ഓൺലൈനിൽ പങ്കിടരുത്.

## തുടങ്ങുന്നതിന് മുമ്പ് നിങ്ങൾ എന്തൊക്കെ അറിയേണ്ടതുണ്ട്?

നിങ്ങൾ പറയാൻ പോകുന്ന കഥയെകുറിച്ചും നിങ്ങൾ നിർമ്മിക്കുന്ന പാവകളെക്കുറിച്ചും ആലോചിക്കുന്നതിന് മുമ്പ് കാഴ്ചക്കാർക്ക് എന്താണ് താൽപ്പര്യമെന്ന് തിരിച്ചറിയേണ്ടത് പ്രധാനമാണ്.

### പ്രവർത്തനം 1: കഥകളെ മികച്ചതാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ?

വിവിധ ആളുകളിൽ നിന്ന് നിങ്ങൾ കേട്ടതോ ഒരു വേദിയിലോ സിനിമയിലോ കണ്ടതോ ആയ കഥകളെക്കുറിച്ച് ചിന്തിക്കുക.

നിങ്ങൾ കേൾക്കാൻ ഏറ്റവും ഇഷ്ടപ്പെട്ട കഥ, നിങ്ങൾ വീണ്ടും വീണ്ടും കേൾക്കാൻ ആഗ്രഹിച്ച കഥ ഓർക്കുക. ആ കഥയിൽ നിങ്ങൾക്ക് എന്താണ് ഇഷ്ടപ്പെട്ടതെന്ന് ചിന്തിക്കുക.

1. ആരാണ് കഥ പറഞ്ഞത്?

............................................................................................................................................

2. അവർ എങ്ങനെയാണ് കഥ പറഞ്ഞത്? അവർ അത് പാരായണം ചെയ്യുകയോ ശബ്ദമാറ്റം നടത്തുകയോ ചെയ്തോ? കഥ പറയുമ്പോൾ എന്തെങ്കിലും

© NCERT not to be republished

പ്രോപ്പുകൾ ഉപയോഗിക്കുകയും അവരുടെ ശബ്ദം ക്രമീകരിക്കുകയും ഭാവങ്ങൾ മാറ്റുകയും ചെയ്തിട്ടുണ്ടോ?

.....................................................................................................................

.....................................................................................................................

.....................................................................................................................

3. അവർ കഥ പറഞ്ഞ രീതിയിൽ എന്തൊക്കെയാണ് നിങ്ങൾക്ക് ഇഷ്ടപ്പെട്ടത്?

.....................................................................................................................

.....................................................................................................................

ഒരു കഥ പറച്ചിലിൽ ഏറ്റവും പ്രധാനം ശ്രോതാക്കളുടെ ശ്രദ്ധ ആകർഷിക്കുക എന്നതാണ്. നിങ്ങളുടെ പ്രതികരണങ്ങൾ കൂട്ടുകാരുമായി ചർച്ച ചെയ്തു കഥപറച്ചിൽ രസകരമാക്കുന്ന ചില പൊതുവായ ഘടകങ്ങൾ നിങ്ങൾ തിരിച്ചറിയുക.

ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ, ഒരു കഥ ആകർഷകമായി പറയാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും?

.....................................................................................................................

.....................................................................................................................

.....................................................................................................................

## പ്രവർത്തനം 2: ഒരു പാവക്കളി കാണുക

നിങ്ങളുടെ സമീപത്ത് ഏതെങ്കിലും പാവകളി നടക്കുന്നുണ്ടോ എന്ന് അന്വേഷിക്കുക. ഇല്ലെങ്കിൽ, നിങ്ങൾക്ക് പാവകളിക്കാരെ സ്കൂളിലേക്ക് ക്ഷണിക്കാം.

വ്യത്യസ്തമായ പാവകളെക്കുറിച്ച് പാവകളിക്കാരുമായി ചർച്ച ചെയ്യുക. പാവകളെ എങ്ങനെ ചലിപ്പിക്കുന്നു, ആരാണ് നോക്കുന്നത്, അവരുടെ വസ്ത്രധാരണം, പാവയെ പിടിക്കുന്ന രീതി, ഏറ്റവും പ്രധാനമായി, ശബ്ദക്രമീകരണം എങ്ങനെയാണ് എന്നൊക്കെ നിരീക്ഷിക്കുക. ഒരു തത്സമയ പ്രകടനമോ അഭിനേതാക്കളുള്ള നാടകമാണെങ്കിൽ, സ്റ്റേജ് ക്രമീകരണം, പശ്ചാത്തലം, ശബ്ദം, പ്രകാശം എന്നിവ നിരീക്ഷിക്കുക.

പാവകളി കണ്ടതിനുശേഷം, ചോദ്യങ്ങൾക്ക് ഉത്തരം നൽകുക :

1. പാവകളിയുടെ പേരെന്തായിരുന്നു? നിങ്ങൾ അത് എവിടെ നിന്നാണ് കണ്ടത്?

.....................................................................................................................

.....................................................................................................................

.....................................................................................................................

© NCERT not to be republished

2. ഏത് തരത്തിലുള്ള പാവകളാണ് ഷോയിൽ ഉപയോഗിച്ചിരുന്നത് (ഉദാഹരണത്തിന്, രാജാവ്, സിംഹം, പക്ഷി)? പാവകൾ എന്തുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്?

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

3. ആ പാവകളിക്കാർ എന്താണ് ചെയ്തത്? അവർ എങ്ങനെയാണ് പാവയെ ചലിപ്പിച്ചത്? പാവകളിക്കാർ കാണികളോടോ പാവയോടോ സംസാരിക്കുകയോ ആശയവിനിമയം നടത്തുകയോ ചെയ്തിരുന്നോ? ഉണ്ടെങ്കിൽ, അത് എങ്ങനെയായിരുന്നു?

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

4. പാവകളിയിലെ ഏറ്റവും രസകരമായ രംഗം ഏതാണ്? എന്തുകൊണ്ടാണ് നിങ്ങൾക്കത് രസകരമായി തോന്നിയത് ?

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

5. ശബ്ദം, വെളിച്ചം, പശ്ചാത്തലം അല്ലെങ്കിൽ മറ്റേതെങ്കിലും ഘടകങ്ങൾ പാവകളിയെ രസകരമാക്കിയിരുന്നോ?

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

നിങ്ങൾക്ക് തത്സമയ പാവകളി കാണാൻ കഴിയുന്നില്ലെങ്കിൽ, 'പാവകളി+ ഭാഷ' (നിങ്ങൾക്ക് ഇഷ്ടമുള്ളത് ഭാഷ) എന്ന കീവേഡുകൾ ഉപയോഗിച്ച് നിങ്ങൾക്ക് ഒരു പാവകളിയുടെ വീഡിയോ ഓൺലൈനിൽ തിരയാം.

## നിങ്ങൾക്ക് എന്തൊക്കെ ചെയ്യാം?

ഒരു പാവകളി നടത്തുന്നതിനുള്ള ആദ്യപടി ഒരു കഥ കണ്ടെത്തുകയും തിരക്കഥ എഴുതുകയും ചെയ്യുക എന്നതാണ്. അത് ചെയ്തുകഴിഞ്ഞാൽ, കഥയിലെ കഥാപാത്രങ്ങൾക്കനുസരിച്ച് നിങ്ങൾ പാവകൾ ഉണ്ടാക്കുകയും വേദി സജ്ജീകരിക്കുകയം തുടർന്ന് പാവകളി അവതരിപ്പിക്കുകയും ചെയ്യാം.

© NCERT not to be republished

## പ്രവർത്തനം 3:ഒരു കഥയെഴുതുക/കഥ തിരഞ്ഞെടുക്കുക.

പാവകളിക്ക് വേണ്ടി പാവകൾ ഉണ്ടാക്കാൻ തുടങ്ങുന്നതിന് മുമ്പ് നിങ്ങൾ അവതരിപ്പിക്കാൻ പോകുന്ന കഥയെക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായ ധാരണയുണ്ടായിരിക്കണം.

നിങ്ങൾക്ക് സ്കൂൾ ലൈബ്രറിയിൽ പോയി പുസ്തകങ്ങൾ വായിച്ച് ആശയങ്ങൾ എടുക്കാം. അല്ലെങ്കിൽ നിങ്ങൾ പഠിക്കുന്ന വിഷയങ്ങളെ കഥയ്ക്ക് വിഷയമാക്കാം. ഉദാഹരണത്തിന്, ഭാഷയിൽ നിന്നുള്ള ഒരു കഥയോ കവിതയോ അല്ലെങ്കിൽ ശാസ്ത്രത്തെയോ സാമൂഹികശാസ്ത്രത്തെയോ ചരിത്രസംഭവത്തെയോ കഥക്ക് അടിസ്ഥാനമായി സ്വീകരിക്കാം. അതുമല്ലെങ്കിൽ മുത്തശ്ശനോ മുത്തശ്ശിയോ പറയുന്ന കഥയും നിങ്ങൾക്ക് സ്വീകരിക്കാം. തുടർന്ന് സാമൂഹിക പ്രശ്നങ്ങളെപ്പറ്റിയുള്ള ഒരു പാവകളി ഉണ്ടാക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാം ഉദാഹരണത്തിന്, സ്വച്ഛ് ഭാരത്, പോളിയോ പ്രതിരോധ കുത്തിവയ്പും പൗരാവകാശങ്ങളും കടമകളും.

ഓർക്കുക: നിങ്ങൾക്ക് പാവകൾ നിർമ്മിച്ച് തിരക്കഥ എഴുതി ഒരു പ്രദർശനം അവതരിപ്പിക്കേണ്ടതുണ്ട്. അതിന്റെ കഥ ചെറുതും ലളിതവുമായാൽ നന്നായിരിക്കും. എന്നാൽ അതിൽ നാടകീയതയും ആക്ഷനും കുറയ്ക്കേണ്ടതില്ല.

ഏത് കഥയാണ് നിങ്ങൾ തിരഞ്ഞെടുത്തത്, എന്തുകൊണ്ട്?

..........................................................................................................

..........................................................................................................

..........................................................................................................

അടുത്തതായി, കഥയുടെ പ്രധാന ഘടകങ്ങൾ നിങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെ ചെയ്യുന്നതിന് പട്ടിക 5.1 നിങ്ങളെ സഹായിക്കും.

**പട്ടിക 5.1: തിരഞ്ഞെടുത്ത കഥയുടെ പ്രധാന ഘടകങ്ങൾ**

| ചോദ്യങ്ങൾ | കഥയെ അടിസ്ഥാനമാക്കിയുള്ള ഉത്തരങ്ങൾ |
|---|---|
| കഥ എന്തിനെക്കുറിച്ചാണ്? | |
| അതിന്റെ തലക്കെട്ട് എന്താണ്? | |
| കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെയാണ്? അവയെക്കുറിച്ച് ഹ്രസ്വമായി വിവരിക്കുക. | |
| എവിടെയാണ് കഥ നടക്കുന്നത്? | |

© NCERT not to be republished

| | |
|---|---|
| കഥ പുരോഗമിക്കുമ്പോൾ കഥ നടക്കുന്ന പശ്ചാത്തലം മാറുന്നുണ്ടോ? | |
| എന്താണ് കഥയുടെ ഇതിവൃത്തം? | |
| പ്രധാന സംഭവങ്ങൾ എഴുതുക. | |
| കഥയുടെ പ്രധാന സന്ദേശം എന്താണ്? | |

## പ്രവർത്തനം 4: പാവകളിയ്ക്ക് തിരക്കഥ എഴുതുക

നിങ്ങൾ കാണുന്ന തത്സമയ പ്രകടനത്തിലും സിനിമയിലും സംഭാഷണങ്ങൾ, രംഗങ്ങളിലെ മാറ്റങ്ങൾ, സംഗീതം, ആക്ഷൻ തുടങ്ങി നിരവധി കാര്യങ്ങൾ ഉണ്ടാകും അത് ഒരു കഥ പറയുന്നതിൽ മാത്രമല്ല ഒതുങ്ങുന്നത്. കഥയെ കലാരൂപമായി മാറ്റാനായി തിരക്കഥ ഉപയോഗിക്കുന്നു.

ഒരു തിരക്കഥയിൽ രംഗങ്ങളുടെ ക്രമാനുസൃതമായ ചിട്ടപ്പെടുത്തൽ സംഭാഷണങ്ങൾ, കഥാപാത്രങ്ങളുടെ വികാരങ്ങൾ എന്നിവ ഘട്ടം ഘട്ടമായി അടങ്ങിയിരിക്കണം അതുപോലെ പാവകളിയുടെ തിരക്കഥയിലെ ഓരോ രംഗത്തും പാവയുടെ സ്ഥാനവും ചലനവും പോലുള്ള വിശദാംശങ്ങളും ഉൾപ്പെടുത്തണം. ഹ്രസ്വഗാനങ്ങൾ അല്ലെങ്കിൽ കവിതകൾ, വെളിച്ചം, ശബ്ദം തുടങ്ങിയ ഘടകങ്ങൾ തിരക്കഥയിൽ പരാമർശിക്കണം. സംസാരരീതി കഥാപാത്രങ്ങൾക്ക് അനുയോജ്യമായിരിക്കണം (ഉദാഹരണത്തിന്, സ്വാഭാവികം, അനൗപചാരികം, ഔപചാരികം, അധികാരം, വിധേയത്വം തുടങ്ങിയ കഥാപാത്രങ്ങളുടെ അവസ്ഥകളെ അനുസരിച്ച്)

കുറഞ്ഞത് രണ്ട് മൂന്ന് കഥാപാത്രങ്ങളെങ്കിലും കഥയിൽ ഉണ്ടായിരിക്കണം. ഈ കഥാപാത്രങ്ങൾ കഥയനുസരിച്ച് മൃഗങ്ങളോ മനുഷ്യരോ അന്യഗ്രഹജീവികളോ ആകാം.

തിരക്കഥ എഴുതുന്നത് എങ്ങനെയെന്ന് മനസിലാക്കാൻ 'ഗോപാലും ഹിൽസ മത്സ്യവും' എന്ന കഥ പട്ടിക 5.2-ൽ നൽകിയിട്ടുണ്ട്. ഈ കഥ ഒരു രാജാവിനെപ്പറ്റിയാണ്; രാജസഭയിൽ ആരും ഹിൽസ മീനിനെക്കുറിച്ച് സംസാരിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ആരുടെയും സംസാരവിഷയമാകാതെ ഒരു വലിയ ഹിൽസ മീൻ വാങ്ങി കൊട്ടാരത്തിലേക്ക് കൊണ്ടുവരാൻ ഗോപാൽ എന്ന തന്റെ സദസ്യനെ രാജാവ് വെല്ലുവിളിക്കുന്നു. ഗോപാൽ ആ വെല്ലുവിളി സ്വീകരിക്കുന്നു. അവൻ തന്റെ താടിയുടെ പകുതി വടിച്ചും ശരീരത്തിൽ ചായം പുരട്ടുകയും ചെയ്യുന്നു ആ രൂപത്തിൽ ഗോപാലിനെ കണ്ട ആളുകൾ അവന്റെ കയ്യിലുള്ള വലിയ ഹിൽസ മീനിനെക്കുറിച്ച് ഒന്നും സംസാരിക്കുന്നില്ല.

© NCERT not to be republished

## പട്ടിക 5.2: ഗോപാലും ഹിൽസ മൽസ്യവും " എന്ന കഥയുടെ " തിരക്കഥ

| ക്രമ. നമ്പർ | കഥാപാത്രം | സംഭാഷണവും ശൈലിയും | ആവശ്യമായ വസ്തുക്കൾ | പ്രത്യേക ഇഫക്റ്റുകൾ (ഉദാ: പ്രകാശവും ശബ്ദവും) |
|---|---|---|---|---|
| | **രംഗം 1:** രാജാവ് സിംഹാസനത്തിൽ ഇരിക്കുന്നതും ഗോപാൽ മുന്നിൽ നിൽക്കുന്നതുമായ ദർബാർ രംഗം.<br><br>ചുവരിൽ പെയിൻറിംഗുകളുള്ള മനോഹരമായ ഒരു ഹാൾ പശ്ചാത്തലം. | | | |
| 1 | രാജാവ് | (പരാതി): ആളുകൾ ഹിൽസ മത്സ്യത്തെക്കുറിച്ച് സംസാരിക്കുന്നത് കേട്ട് എനിക്ക് മടുത്തു. | രാജാവിനുള്ള സിംഹാസനം (കാർഡ്ബോർഡ് കൊണ്ട് നിർമ്മിച്ചതും സ്വർണ്ണ പെയിന്റ് കൊണ്ട് വരച്ചതും) | |
| 2 | ഗോപാൽ | (ക്ഷമയോടെ): അവർ മടുത്ത് നിർത്തിക്കൊള്ളും. | | |
| 3 | രാജാവ് | (അക്ഷമയോടെ): എപ്പോൾ! | | |
| 4 | ഗോപാൽ | (ശാന്തമായ ശബ്ദത്തിൽ): മറ്റെന്തെങ്കിലും വന്നാലുടൻ. | | |
| 5 | രാജാവ് | (ദേഷ്യത്തോടെ): ഗോപാൽ! എന്നോട് തർക്കിക്കരുത്. ആരുടെയും സംസാരവിഷയമാകാതെ ഒരു വലിയ ഹിൽസ മത്സ്യത്തെ ദർബാറിലേക്ക് കൊണ്ടുവരാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. | | മരത്തിന്റെ ഉപരിതലത്തിൽ കൈ അടിക്കുന്ന ശബ്ദം |
| 6 | ഗോപാൽ | (താഴേക്ക് കുനിഞ്ഞ്): മഹാരാജാവേ, ഞാൻ വെല്ലുവിളി സ്വീകരിക്കുന്നു. | | കാഹളത്തിന്റെ ശബ്ദം (കളിപ്പാട്ടത്തിന്റെ കാഹളമോ ഒരു വ്യക്തി ഉണ്ടാക്കുന്ന ശബ്ദമോ ആകാം) |
| **രംഗം 2** | | | | |
| **തിരക്കേറിയ ഒരു വ്യാപാരശാല**<br>ധാരാളം ആളുകൾ വേദിയിലേക്ക് നോക്കുന്നു. ഗോപാൽ താടിയുടെ പകുതി വടിക്കുകയും ശരീരത്തിൽ ചാരം പൂശുകയും ചെയ്തിരിക്കുന്നു. വലിയ *ഹിൽസ* മത്സ്യം പിടിച്ചിരുന്നു. പട്ടണത്തിൽ നിന്നുള്ള ആളുകൾ അയാളെ കാണുകയും അത്ഭുതത്തോടെ നോക്കുകയും ചെയ്യുന്നു. | | | | |

© NCERT not to be republished

വേദിയിൽ ഉപയോഗിക്കുന്ന വസ്തുകൾ(5.4) പാവകൾ ഒഴികെയുള്ള വസ്തുക്കളുടെ പശ്ചാത്തലം വ്യക്തമായി കാണിക്കാൻ (ഉദാഹരണം : രാജാവിന്റെ സിംഹാസനം) ഇവ ഉപയോഗിക്കണം. എളുപ്പത്തിൽ ചെയ്യാൻ പറ്റുന്ന വസ്തുക്കൾ (ഉദാഹരണത്തിന്, ഹിൽസ മത്സ്യം, വാൾ, പന്ത്, കാർ, പത്രം). ഇവയിൽ ചിലത് വേദിയിൽ സ്ഥാപിക്കുമ്പോൾ, മറ്റുള്ളവ നീക്കാൻ പാകത്തിന് വയ്ക്കണം.



**ചിത്രം5.4:** 'ഗോപാലും ഹിൽസ മത്സ്യവും' എന്നതിലെ ഗോപാലിനുള്ള പാവ

ഇപ്പോൾ, നിങ്ങളുടെ കഥയുടെ വിശദമായ തിരക്കഥ എഴുതാൻ പട്ടിക 5.3 ഉപയോഗിക്കുക.

**പട്ടിക 5.3: നിങ്ങളുടെ തിരക്കഥ എഴുതാനുള്ള മാതൃക**

| ക്രമ. നമ്പർ | കഥാപാത്രം | സംഭാഷണവും ശൈലിയും | ആവശ്യമായ വസ്തുക്കൾ | പ്രത്യേക ഇഫക്റ്റുകൾ (ഉദാ: പ്രകാശവും ശബ്ദവും) |
|---|---|---|---|---|
| **രംഗം 1** | | | | |
| 1. | | | | |
| 2. | | | | |
| 3. | | | | |
| **രംഗം 2** | | | | |
| 1. | | | | |
| 2. | | | | |

## പ്രവർത്തനം 5: കഥാപാത്രത്തിന്റെ രേഖാചിത്രം

നിങ്ങളുടെ പാവകളെ ഉണ്ടാക്കുന്നതിന് മുമ്പ്, അവർ മനുഷ്യരെന്ന നിലയിൽ എങ്ങനെയായിരിക്കുമെന്ന് സങ്കൽപ്പിക്കുക. അവ ഉയരമുള്ളതോ ചെറുതോ? അവർ സന്തുഷ്ടരായ വ്യക്തികളാണോ? അതോ ദേഷ്യപ്പെടുന്ന വ്യക്തികളാണോ? അവർ തുറന്ന മനസ്സുള്ളവരാണോ ലജ്ജാശീലരാണോ? ഇതാണ് നിങ്ങളുടെ പാവയുടെ സ്വഭാവസവിശേഷതകൾ തീരുമാനിക്കുന്നത്. ഇത് കഥാപാത്ര നിർമ്മാണ രൂപരേഖ എന്നാണ് അറിയപ്പെടുന്നു. പാവയുടെ മുഖം, ശരീരം, ഭാവം, ശബ്ദം, പെരുമാറ്റരീതികൾ എന്നിവ തീരുമാനിക്കുന്നതിന് ഇതാവശ്യമാണ്. ഉദാഹരണത്തിന്, സന്തോഷത്തിലാകുമ്പോൾ മുകളിലേക്കും താഴേക്കും ചാടുക

© NCERT not to be republished

'സങ്കടത്തിലാകുമ്പോൾ വീഴുകയും ചെയ്യുക (ചിത്രം 5.5).

പാവകളെ കൃത്യമായി ഒരു മൃഗത്തിന്റെയോ മനുഷ്യന്റെയോ രൂപത്തിൽ തന്നെ ഉണ്ടാക്കണമെന്ന് ഒരു നിർബന്ധവുമില്ല. പലപ്പോഴും പാവകൾക്ക് നീളം കൂടിയ ശരീരവും കൈകാലുകളും ഉണ്ടാകാറുണ്ട്. എന്നിരുന്നാലും, ഒരു പാവയെക്കുറിച്ച് പൂർണ്ണമായ ഒരു രൂപം ലഭിക്കണമെങ്കിൽ, അതിന്റെ ശരീരത്തെയും വ്യക്തിത്വത്തെയും ഒരുപോലെ ഭാവനയിൽ കാണേണ്ടതുണ്ട്. പാവയെക്കുറിച്ച് പൂർണ്ണമായ ധാരണ ലഭിക്കുന്നതിന്, നിങ്ങൾ അതിന്റെ വ്യക്തിത്വത്തെയും മനസ്സിലാക്കേണ്ടതുണ്ട്.

**ചിത്രം 5.5:** *ഭയന്നുപോയ ഒരു സിംഹത്തെയും അയാളുടെ സുഹൃത്തായ എലിയെയും കുറിച്ചുള്ള കഥയിലെ ഒരു രംഗം. സിംഹം കടലാസ് കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്, എലി ഒരു സോക്സ് പാവയാണ്.*

**ഗ്രാഫ് പേപ്പർ ഉപയോഗിക്കുന്നതിലൂടെ എളുപ്പത്തിൽ വരയ്ക്കാൻ കഴിയും.**

നിങ്ങളുടെ കഥയിൽ ഒരു മുയൽ ഉണ്ടെന്ന് കരുതുക. നിങ്ങൾക്ക് ഒരു മുയലിനെ കടലാസിൽ വരച്ച് കാർഡ്ബോർഡിൽ ഒട്ടിക്കാം. നിങ്ങളുടെ മുയൽപ്പാവയെ ചലിപ്പിക്കാൻ നിങ്ങൾക്ക് ഒരു കാർഡ്ബോർഡിൽ ഒരു വടി ഘടിപ്പിക്കാം.

മുയലിനെ വരയ്ക്കാൻ, ഒരു മുയലിന്റെ ചിത്രവും പേപ്പറും ഗ്രാഫ് പേപ്പറും എടുക്കുക.

ട്രേസിംഗ് പേപ്പറിൽ മുയലിനെ വരച്ച് ഗ്രാഫ് പേപ്പറിൽ ഒട്ടിക്കുക. അടുത്തതായി, നിങ്ങൾ വരയ്ക്കാൻ ആഗ്രഹിക്കുന്ന മുയലിന്റെ വലിപ്പത്തിൽ ഗ്രാഫ് പേപ്പറിൽ രേഖകൾ വരയ്ക്കുക. ഇത് ഒരു വലിയ മുയലിനെ വരയ്ക്കാൻ നിങ്ങളെ സഹായിക്കും. നിങ്ങൾക്കിപ്പോൾ മുയലിന്റെ ഓരോ ഭാഗവും ചാർട്ട് പേപ്പറിൽ പകർത്താം. വരച്ചു കഴിഞ്ഞാൽ. വരകൾ മായ്ച്ചുകളയുകയും നിങ്ങളുടെ മുയലിന് നിറം നൽകുകയും ചെയ്യുക (ചിത്രം 5.6). വടി മുയലിന്റെ ശരീരത്തിൽ ഒട്ടിച്ചുകഴിഞ്ഞാൽ, നിങ്ങളുടെ മുയൽ പാവ തയ്യാറായി

4.

1.

2.

3.

**ചിത്രം 5.6:** *ഗ്രാഫ് പേപ്പർ ഉപയോഗിച്ച് ഒരു മുയലിനെ ഉണ്ടാക്കുന്നു*

© NCERT not to be republished

പാവകളെ എങ്ങനെ നിർമ്മിക്കണമെന്ന് മനസ്സിലാക്കാൻ ഈ ചോദ്യങ്ങൾ നിങ്ങളെ സഹായിക്കും.

1. നിങ്ങൾക്ക് ഏതു തരം പാവകളെയാണ് ഉണ്ടാക്കാനാകുന്നത്? താഴെ കൊടുത്തിരിക്കുന്ന സ്ഥലത്ത് അവ വരയ്ക്കുക.

2. അവയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?

...........................................................................................................................................

...........................................................................................................................................

© NCERT not to be republished

## പ്രവർത്തനം 6: പാവകൾ ഉണ്ടാക്കുക

കളിമണ്ണ്, മൃദുവായ തടി, പുല്ല്, പഴയ പേപ്പർ, ഉപയോഗിച്ച കുപ്പികൾ, തെർമോകോൾ, കാർഡ്ബോർഡ് എന്നിവയോ അനുയോജ്യമായ മറ്റേതെങ്കിലും വസ്തുക്കളോ ഉപയോഗിച്ച് നിങ്ങൾക്ക് പാവകൾ നിർമ്മിക്കാം. ഉദാഹരണത്തിന്, നിങ്ങൾക്ക് ചാർട്ട് പേപ്പറിൽ വരച്ച മത്സ്യത്തിന്റെ കട്ട്ഔട്ടുകൾ ഒരു ഈർക്കിലിനു ചുറ്റും ഒട്ടിച്ചാൽ കടലിൽ നടക്കുന്ന കഥ പറയാൻ കഴിയും. നിങ്ങൾക്ക് ഒരു ചാർട്ട് പേപ്പർ ഒരു ഈർക്കിലിനു ചുറ്റും ഒട്ടിച്ച ശേഷം ചാർട്ട് പേപ്പർ അല്ലെങ്കിൽ കമ്പിളി പോലുള്ള വസ്തുക്കളാൽ മൂക്ക്, കണ്ണുകൾ, ചെവികൾ എന്നിവ നിർമ്മിക്കാം.

പാവകൾ സൃഷ്ടിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന വസ്തുക്കളുടെ ഉദാഹരണങ്ങൾ 5.7 മുതൽ 5.13 വരെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു. മറ്റ് വസ്തുക്കൾ ഉപയോഗിച്ച് നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് നോക്കുക.

1. **സോക്ക് പാവകൾ**

പഴയ സോക്സുകളിൽ കണ്ണുകളും മൂക്കും വായയും തുന്നിച്ചേർത്ത് നിങ്ങൾക്ക് സോക്ക് പാവകൾ ഉണ്ടാക്കാം. മുടി ഉണ്ടാക്കാൻ നിങ്ങൾക്ക് സോക്സിൽ പഴയ കമ്പിളി തുന്നിച്ചേർക്കാം.

സോക്സ് നിങ്ങളുടെ കൈകളിൽ ധരിച്ച് പാവകളെ ചലിപ്പിക്കാൻ കഴിയും (ചിത്രം 5,7).



**ചിത്രം 5.7:** *കമ്പിളി കൊണ്ട് മുടി തുന്നിച്ചേർത്ത സോക്ക് പാവകൾ*

2. **സ്പൂൺ, ഫോർക്ക് പാവകൾ**

സ്റ്റീൽ അല്ലെങ്കിൽ തടി സ്പൂണുകളും ഫോർക്കുകളും (ഐസ്ക്രീം സ്പൂണുകളും ഡിസ്പോസിബിൾ ഫോർക്കുകളും) ഉപയോഗിച്ച് നിങ്ങൾക്ക് പാവകൾ ഉണ്ടാക്കാം. സ്പൂണിൽ നാരുകൾ പൊതിഞ്ഞ ശേഷം വരയ്ക്കാനും കഴിയും (ചിത്രം 5.8).



**ചിത്രം 5.8:** *സ്പൂൺ, ഫോർക്ക് എന്നിവ ഉപയോഗിച്ച് പാവകൾ നിർമ്മിക്കുന്നു.*

നിങ്ങൾക്ക് ഈ പാവകളെ പേപ്പർ വസ്ത്രങ്ങൾ കൊണ്ട് അലങ്കരിക്കാനും സ്കെച്ച് പേനകളോ പെൻസിലുകളോ ഉപയോഗിച്ച് വരയ്ക്കാനും കഴിയും.

സ്പൂണിന്റെയും ഫോർക്കിന്റെയും ഹാൻഡിലുകൾ ഉപയോഗിച്ച് നിങ്ങൾക്ക് ഈ പാവകളെ നീക്കാൻ കഴിയും.

3. **സ്ലിപ്പർ/ഷൂ പാവകൾ**

മുടിയ്ക്കും മീശയ്ക്കും വേണ്ടി നിങ്ങൾക്ക് ഷൂ അല്ലെങ്കിൽ ടൈപേസ്റ്റ് കമ്പിളിയുടെ അറ്റം ഉപയോഗിക്കാം /കണ്ണുകൾക്ക് പകരം ബട്ടണുകൾ ഒട്ടിക്കുകയോ പെയിന്റ് ചെയ്യുകയോ ചെയ്യാം (ചിത്രം 5.9).

സ്ലിപ്പറിന്റെ വശങ്ങൾ പിടിച്ച് അല്ലെങ്കിൽ കൈയിൽ ഷൂ ധരിച്ച് നിങ്ങൾക്ക് ഈ പാവകളെ നീക്കാൻ കഴിയും.

© NCERT not to be republished

[redacted]

[redacted]

[redacted]

[redacted]

[redacted]

[redacted]

(a) (b)

**ചിത്രം 5.9:** *(എ) ചെരുപ്പിൽ മുഖം വരച്ചു ചേർത്ത പാവ. (ബി)* കോർക്കിൽ നിന്ന് കണ്ണുകളും മുടിയും മീശയും നൂലും പശയും കൊണ്ട് നിർമ്മിച്ച കണ്ണുകളുള്ള സ്ലിപ്പർ പാവകൾ.

## 4. പന്ത് പാവകൾ

പന്തുകൾ ഉപയോഗിച്ച് നിങ്ങൾക്ക് പാവയുടെ മുഖങ്ങൾ ഉണ്ടാക്കാം—പന്ത് ചലിപ്പിക്കാൻ പാകത്തിന് അതിന്റെ അടിഭാഗത്ത് ഈർക്കിൽ ഘടിപ്പിക്കുകയും ചെയ്യും. ഈ ബോൾ പാവയിൽ നിങ്ങൾക്ക് ഒരു മുഖം വരച്ചുചേർക്കാം, അല്ലെങ്കിൽ മൂക്കിനും ചെവിക്കും സമാനമായ രീതിയിൽ മുറിച്ചെടുത്ത കടലാസ് കഷണങ്ങൾ പന്തിന്റെ വശങ്ങളിൽ ഒട്ടിക്കാവുന്നതുമാണ് (ചിത്രം 5.10).



**ചിത്രം 5.10:** *മൂക്കും കണ്ണുകളും പേപ്പർ ഒട്ടിച്ച് നിറം പൂശിയ പന്ത് പാവകൾ. അവയുടെ. ചലനത്തിനായി പന്തിൽ ഒരു ചൂൽ കഷണം പിടിപ്പിക്കുന്നു.*

[redacted]

## 5. പച്ചക്കറിപ്പാവകൾ

ഉരുളക്കിഴങ്ങ്, ടൂത്ത്പിക്കുകൾ തുടങ്ങിയവ ഉപയോഗിച്ച് നിങ്ങൾക്ക് പാവകളെ സൃഷ്ടിക്കാൻ കഴിയും. മൂക്ക്, വായ, കണ്ണുകൾ എന്നിവ സൃഷ്ടിക്കാൻ നിങ്ങൾക്ക് റാഡിഷ്, കാരറ്റ് തുടങ്ങിയ മറ്റ് പച്ചക്കറികൾ ഉപയോഗിക്കാം (ചിത്രം 5.11).

[redacted]

വടികൾ ഉപയോഗിച്ച് നിങ്ങൾക്ക് ഈ പാവകളെ ചലിപ്പിക്കാൻ കഴിയും.

**ചിത്രം 5.11:** *ഉരുളക്കിഴങ്ങും വടിയും കൊണ്ട് നിർമ്മിച്ച പാവ*

© NCERT not to be republished

## 6. ഇല കൊണ്ട് നിർമ്മിച്ച പാവകൾ

ഇലകൾ ഉപയോഗിച്ച് പാവകൾ സൃഷ്ടിക്കാം. ഇവ എളുപ്പത്തിൽ പൊട്ടാത്ത ഉണങ്ങിയ ഇലകളോ പച്ച ഇലകളോ ആകാം. പച്ച ഇലകൾ ഉപയോഗിക്കുകയാണെങ്കിൽ, കൈകളും കാലുകളും സൃഷ്ടിക്കാൻ നിങ്ങൾക്ക് ചില്ലകൾ ഉപയോഗിക്കാം (ചിത്രം 5.12).

ഈ പാവകളെ നമുക്ക് ഇഷ്ടമുള്ളിടത്തേക്ക് നീക്കാൻ കഴിയും.

(a) (b)

**ചിത്രം 5.12:** *(എ) ഇലകളും തണ്ടുകളും കൊണ്ട് നിർമ്മിച്ച ഇല പാവകൾ (ബി) ഉണങ്ങിയ ഇലകൾ കൊണ്ട് നിർമ്മിച്ച പാവകൾ.*

## 7. കാർഡ്ബോർഡ് പാവകൾ

ഉപേക്ഷിക്കപ്പെട്ട കാർഡ്ബോർഡ് ഉപയോഗിച്ചും നിങ്ങൾക്ക് പാവകൾ സൃഷ്ടിക്കാം (ചിത്രം 5.13). ശരീരഭാഗം കൂടാതെ, കണ്ണ്, മൂക്ക്, വായ, മീശ എന്നിവയെ സൂചിപ്പിക്കുന്നതിനായി നിങ്ങൾക്ക് കാർഡ്ബോർഡിന്റെ ചെറിയ കഷണങ്ങൾ മുറിച്ച് ഒട്ടിക്കാവുന്നതാണ്.

© NCERT not to be republished

**ചിത്രം 5.13:** *കാർഡ്ബോർഡ് കൊണ്ട് നിർമ്മിച്ച പാവ; കാർഡ് ബോർഡ് മുറിച്ച് കണ്ണുകൾ, മൂക്ക്, വായ, ചെവികൾ, മുടി എന്നിവ ഒട്ടിച്ചിരിക്കുന്നു. പാവയെ ചലിപ്പിക്കുന്നതിനായി ഒന്നിലധികം ഈർക്കിലുകൾ ഒരുമിച്ച് ചേർത്ത് ടേപ്പ് ഒട്ടിച്ച ശേഷം പാവയുടെ കാർഡ്ബോർഡ് ഭാഗത്തേക്ക് തിരുകിക്കയറ്റുക*

## 8. പാവകളുടെ തലകൾ ഉണ്ടാക്കുക

തലയും വസ്ത്രവും ധരിച്ച ഒരു പാവ ഉണ്ടാക്കാൻ ശ്രമിക്കാം. ചിത്രം 5.14 ൽ തല എങ്ങനെ ഉണ്ടാക്കാമെന്ന് കാണിച്ചിരിക്കുന്നു. ചിത്രത്തിൽ കാണിച്ചിരിക്കുന്നതു പോലെ വസ്തുക്കൾ ശേഖരിക്കുകയും നിർമ്മിക്കുകയും ചെയ്യുക.

**സാമഗ്രികൾ:** ചില്ലകൾ, ഉമി/ചകിരി, പത്രങ്ങൾ, നൂൽ, തുണി, പശ.




ഘട്ടം 1

രണ്ട് ചെറിയ ചില്ലകൾ എടുത്ത് അവ ഒരു പ്ലസ് ചിഹ്നത്തിന്റെ ആകൃതിയിൽ കൂട്ടിക്കെട്ടുക.

ഘട്ടം 2

വൈക്കോലോ ചകിരിയോ ഏതാണോ ലഭ്യമായിട്ടുള്ളത് അത് എടുത്ത് ഒരു പന്തുണ്ടാക്കുക. ഇത് ഒരു പ്ലസ് ചിഹ്നത്തിന് ചുറ്റും നൂൽ ഉപയോഗിച്ച് കെട്ടി വട്ടത്തിലോ അണ്ഡാകൃതിയിലോ ഉള്ള ഒരു രൂപം ഉണ്ടാക്കുക. ചകിരിയോ വൈക്കോലോ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ പത്രക്കടലാസ് ഉപയോഗിക്കാം).

ഘട്ടം 3

ആ പന്തിന് ചുറ്റും പത്രക്കടലാസ് കൊണ്ട് പൊതിയുക.

ഘട്ടം 4

ഇനി ഒരു പാത്രത്തിൽ കുറച്ച് വെള്ളമെടുത്ത് അതിൽ പശ ചേർക്കുക (3 ഭാഗം വെള്ളം : 1 ഭാഗം പശ എന്ന ക്രമത്തിൽ). ഇത് നന്നായി ഇളക്കി മാറ്റി വയ്ക്കുക.

ഘട്ടം 5

പത്രക്കടലാസുകൾ ചെറിയ കഷണങ്ങളായി കീറുക.

ഘട്ടം 6

കീറിയ ഒരു കടലാസ് കഷണം എടുക്കുക. അത് പശയിൽ മുക്കി (ഘട്ടം 3-ൽ ഉണ്ടാക്കിയ) പന്തിന് മുകളിൽ ഒട്ടിക്കുക. പന്തിന്റെ ഉപരിതലം മുഴുവൻ ഇത്തരത്തിൽ പശയിൽ മുക്കിയ കടലാസ് കഷണങ്ങൾ കൊണ്ട് മൂടുന്നത് വരെ ഇത് തുടരുക.

ഘട്ടം 7

പന്ത് നന്നായി ഉണങ്ങാൻ അനുവദിക്കുക.

ഘട്ടം 8

പത്രക്കടലാസോ മറ്റ് വസ്തുക്കളോ ഉപയോഗിച്ച് തലയിൽ മൂക്കും കണ്ണുകളും വച്ചുപിടിപ്പിക്കുക.

ഘട്ടം 9

തലയ്ക്ക് നിറം നൽകുക.

**ചിത്രം 5.14:** ഒരു ബോൾ പാവ നിർമ്മിക്കുക

© NCERT not to be republished

[redacted]

### [redacted]ൻ സ്രോതസ്സുകളിൽ നിന്നും പഠിക്കുക

നിങ്ങൾക്ക് പപ്പിയർ മാഷെ ഉപയോഗിച്ചും തല നിർമ്മിക്കാം. 'പപ്പിയർ മാഷെ എങ്ങനെ ഉണ്ടാക്കാം എന്ന് പഠിക്കാൻ 'പപ്പിയർ മാഷെ എങ്ങനെ നിർമ്മിക്കാം' എന്ന കീവേഡുകൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ തിരയുക (ചിത്രം 5.15).

[redacted]

**ചിത്രം 5.15:** *പപ്പിയർ മാഷെ ഉപയോഗിച്ച് ഒരു തല നിർമ്മിക്കുന്നു.*

## മുഖം വരയ്ക്കുന്നു

നിങ്ങളുടെ പാവയുടെ മുഖം എങ്ങനെയെന്ന് തീരുമാനിക്കാൻ വിവിധ മാർഗങ്ങളുണ്ട്. ഏത് ഭാവമായിരിക്കണമെന്നും മൂക്ക്, ചുണ്ടുകൾ, ചെവികൾ എന്നിവയുടെ ചേർച്ച എങ്ങനെയാകണമെന്നും നിങ്ങൾക്ക് തീരുമാനിക്കാം (ചിത്രം 5.16). ഉദാഹരണത്തിന്, പുഞ്ചിരിക്കുന്ന മുഖം, സന്തോഷമുള്ള ഭാവം തുടങ്ങിയവ.

മുഖഭാവം തീരുമാനിച്ചു കഴിഞ്ഞാൽ, പേപ്പർ ടേപ്പ് ഉപയോഗിച്ച് തലയിൽ പേപ്പർ ഒട്ടിക്കുക. പേപ്പർ ടേപ്പിൽ പാവകളുടെ ഭാവങ്ങൾ വരയ്ക്കുക. പെട്ടിയിൽ പാവയുടെ തലയുടെ ഒരു ഫോട്ടോ വരയ്ക്കുകയോ ഒട്ടിക്കുകയോ ചെയ്യുക.

[redacted]

[redacted]

[redacted]

(a) (b)

**ചിത്രം 5.16:** *(എ) വിവിധ തരത്തിലുള്ള മുഖങ്ങൾ; (ബി) ചായം പൂശിയ പാവയുടെ മുഖം.*

© NCERT not to be republished

പാവയുടെ ചർമ്മത്തിന് നമ്മുടെ ചർമ്മത്തിന്റെ നിറത്തിന് തുല്യമായ നിറം കൊടുക്കണമെന്നില്ല. പാവ എന്നത് ഒരു സാങ്കല്പിക കഥാപാത്രമായതുകൊണ്ട്, അതിനു നൽകുന്ന നിറങ്ങളും സാങ്കല്പികമാകാം. മുഖം ചായം പൂശാൻ നിങ്ങൾക്ക് വ്യത്യസ്തമായ നിറങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## ശരീരം നിർമ്മിക്കുക

ഒരു പാവയുടെ ശരീരം നിർമ്മിക്കാൻ വ്യത്യസ്ത വഴികളുണ്ട്. ചിത്രം 5.17 ഒരു മനുഷ്യ പാവ നിർമ്മിക്കുന്നതെങ്ങനെയെന്ന് ചിത്രീകരിച്ചിരിക്കുന്നു.

**ഘട്ടം 1**

ഒരു പഴയ തുണി എടുത്ത് നീളമുള്ള വസ്ത്രത്തിന്റെ ആകൃതിയിൽ മുറിക്കുക. പാവയുടെ തലയിൽ പിടിപ്പിച്ചിരിക്കുന്ന വടി മൂടുന്ന തരത്തിലായിരിക്കണം വസ്ത്രത്തിന്റെ അളവുകൾ.

**ഘട്ടം 2**

സൂചിയും ഉപയോഗിച്ച് തുണി തുന്നുക.

**ഘട്ടം 3**

ഒരു ഷർട്ടോ നീളമുള്ള പാവാടയോ പാന്റോ വേണമെങ്കിൽ പാവയിൽ പിടിപ്പിക്കാം.

**ഘട്ടം 4**

ആവശ്യമെങ്കിൽ കാർഡ് ബോർഡിൽ കൈകൾ വരയ്ക്കാം. അതിനുശേഷം കാർഡ്ബോർഡ് ഉചിതമായി മുറിക്കാം. പാവയുടെ വസ്ത്രത്തിന്റെ സ്ലീവ്സിൽ കൈകൾ പിടിപ്പിക്കുകയും ചെയ്യാം.

**ചിത്രം 5.17:** *പാവയെ പൂർത്തിയാകുന്നു.*

© NCERT not to be republished

വ്യത്യസ്ത തരത്തിലുള്ള തുണികൾ ഉപയോഗിച്ച് നിങ്ങൾക്ക് ആവശ്യമുള്ളത്ര പാവകൾ ഉണ്ടാക്കാം (ചിത്രം 5.18).



**ചിത്രം 5.18:** *പാവകൾ പ്രകടനത്തിന് തയ്യാറാണ്.*

## പാവകളുടെ ചലനം

പാവകളി നടത്തുമ്പോൾ, പാവകളുടെ ചലനം കഥയെ സജീവമാക്കും. പാവയെ ചലിപ്പിക്കുന്നതിന് സർഗ്ഗാത്മകമായി ഇടപെടണം. ഉദാഹരണത്തിന്, നിങ്ങൾക്ക് പാവയുടെ കഴുത്തിന്റെ പിന്നിലോ കൈകളിലോ ചരട് പിടിപ്പിക്കാം. നിങ്ങളുടെ കൈകൾ ഉപയോഗിച്ച് പാവയുടെ വായ തുറക്കുന്നതിലൂടെ പാവയെ ചിരിപ്പിക്കാം, ശരീരത്തിൽ ഘടിപ്പിച്ച വടി ഉപയോഗിച്ച് നിങ്ങൾക്ക് പാവയെ പറത്താം (ചിത്രങ്ങൾ 5.19,5.20).

[redacted]

**ചിത്രം 5.19:** *പാവകളെ ചലിപ്പിക്കാൻ വടി ഉപയോഗിക്കും.*

[redacted] [redacted]

(എ) (ബി)

**ചിത്രം 5.20:** *(എ), (ബി) പാവകൾ ഒരു ചരട് ഉപയോഗിച്ച് നീക്കുകയും അവയ്ക്ക് നീങ്ങാൻ കഴിയുന്ന തരത്തിൽ വേണം പാവകളെ നിർമ്മിക്കേണ്ടത്.*

© NCERT not to be republished

എങ്ങനെയാണ് പാവയെ ചലിപ്പിക്കുക?

..........................................................................................................................................

..........................................................................................................................................

തിരക്കഥ അനുസരിച്ച്, പാവയുടെ മുഖത്തെ ഭാവങ്ങൾ (ഉദാഹരണത്തിന്: ചിരിക്കുന്ന മുഖം, ദേഷ്യമുള്ള മുഖം, സങ്കടമുള്ള മുഖം) അല്ലെങ്കിൽ അതിന്റെ ശരീരത്തിന്റെ അവസ്ഥ (ഉദാഹരണത്തിന്: നിൽക്കുന്ന പുലി, കിടക്കുന്ന പുലി) എന്നിവ നിങ്ങൾക്ക് മാറ്റേണ്ടി വന്നേക്കാം. ഓരോ കഥാപാത്രത്തിനും വ്യത്യസ്ത ഭാവങ്ങളും സ്ഥാനങ്ങളുമുള്ള ഒന്നിലധികം പാവകളെ നിർമ്മിക്കുന്നതിലൂടെ ഇത് സാധ്യമാണ്.

## പാവകളുടെ നിർമ്മാണത്തിന്റെ അന്തിമഘട്ടം

നിങ്ങൾ വിവിധ പാവകളെ പരീക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ പാവകളിക്കായുള്ള പാവകളെ നിർമ്മിക്കുക.

പട്ടിക 5.4 പൂരിപ്പിക്കുക, ഈ പട്ടിക പാവകളെ നിർമ്മിക്കാൻ നിങ്ങളെ സഹായിക്കും. പാവകളുടെ വിശദാംശങ്ങൾ ചേർക്കാൻ സഹായിക്കുന്നതിനായി പട്ടികയിൽ ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്.

**പട്ടിക 5.4: നിങ്ങളുടെ പാവകളെ നിർമ്മിക്കുന്നതിനായി തയ്യാറെടുക്കുക.**

| വ്യത്യസ്ത തരം പാവകളും (ഉദാഹരണത്തിന്, മനുഷ്യനോ മൃഗമോ) അവയുടെ പേരുകളും | നിങ്ങൾ ഏതൊക്കെ വസ്തുക്കൾ ഉപയോഗിച്ചു? | നിങ്ങൾ എന്തൊക്കെ ചെയ്തു? | എങ്ങനെയാണ് പാവകളെ ചലിപ്പിക്കുന്നത് | ഈ പാവകളെ നിങ്ങൾ എങ്ങനെയാണ് ഉപയോഗിക്കുക? |
|---|---|---|---|---|
| പന്തുകൾ കൊണ്ട് നിർമ്മിച്ച രണ്ട് മനുഷ്യ തലകൾ. ഇവരുടെ പേര് ഗീത, രാജേഷ് എന്നാണ്. | പന്ത്, ഈർക്കിൽ, സ്കെച്ച് പേന | പന്ത് ഉപയോഗിച്ച് തലയുടെ ആകൃതി നൽകുന്നു. ഞാൻ ഒരു സ്കെച്ച് പേന ഉപയോഗിച്ച് കണ്ണുകളും വായയും വരച്ചു. അതിന്റെ മുഖം പുഞ്ചിരിയുടെ 'ഇമോജി' പോലെയാണ്. | **പാവകളുടെ** തല കറക്കാൻ പന്തിൽ ഒരു ഈർക്കിൽ ഘടിപ്പിച്ചിരിക്കുന്നു. | രണ്ട് ആളുകൾ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കുന്ന രീതിയിൽ കഥ പറയാൻ പാവകളെ ഉപയോഗിക്കാം. സംഭാഷണം രസകരവും ഹാസ്യാത്മകവും ആയിരിക്കണം. |
| | | | | |
| | | | | |
| | | | | |



© NCERT not to be republished

ആദ്യശ്രമത്തിൽത്തന്നെ നിങ്ങൾക്ക് പാവകളെ തയ്യാറാക്കാൻ കഴിഞ്ഞിരുന്നോ? അതിലെന്തെങ്കിലും മാറ്റം വരുത്തേണ്ടതായി വന്നോ? ഉണ്ടെങ്കിൽ, അതിന്റെ കാരണവും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്നും വിശദീകരിക്കുക.

....................................................................................................

....................................................................................................

ഇപ്പോൾ നിങ്ങൾ പ്രദർശനത്തിന് തയ്യാറായി.

## പ്രവർത്തനം 7: പാവകളി

പാവകളുമായി പരിശീലനം ആരംഭിക്കുക. ഒരു മികച്ച ഷോ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തങ്ങളെക്കുറിച്ച് എല്ലാവർക്കും വ്യക്തതയുണ്ടെന്ന് ഉറപ്പാക്കുക. നിങ്ങളിൽ ചിലരാകാം പാവകളെ കൈകാര്യം ചെയ്യുന്നത്, മറ്റുള്ളവർക്ക് ലൈറ്റ് ആൻഡ് സൗണ്ട് ഇഫക്റ്റുകൾ നൽകാനും രംഗങ്ങൾ മാറുന്നതിനനുസരിച്ച് പശ്ചാത്തലം മാറ്റാനും കഴിയും. നിങ്ങളുടെ കഥയെ അടിസ്ഥാനമാക്കി മറ്റ് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

ഒരു മികച്ച പാവകളി നടത്താൻ താഴെപ്പറയുന്ന ഘടകങ്ങൾ ആവശ്യമാണ്.

**എ. വേദി**

പാവകളി നടത്തുന്ന സ്ഥലം വളരെ പ്രധാനമാണ്. പാവകളെ പ്രേക്ഷകർക്ക് വ്യക്തമായി കാണാൻ കഴിയുന്ന വേദി തയ്യാറാക്കണം. പ്രേക്ഷകർക്ക് ഇരിക്കാൻ ഇടം ഉണ്ടായിരിക്കണം. വേദി തയ്യാറാക്കാൻ വ്യത്യസ്ത വഴികളുണ്ട് (ചിത്രം 5.21 മുതൽ 5.23 വരെ).



**ചിത്രം 5.21:** *ഒരു ബെഡ്ഷീറ്റ് ഒരു വേദിയായി ഉപയോഗിക്കുന്നു. ബെഡ്ഷീറ്റ് പാവകളെ മറയ്ക്കും. നിങ്ങൾ കൈകളോ വടിയോ ഉപയോഗിച്ച് പാവകളെ ചലിപ്പിക്കുക.*

not to be republished © NCERT

[redacted]

[redacted]

**ചിത്രം 5.22:** *പാവയെ മൂടുന്നതിന് ഒരു ബെഡ്ഷീറ്റ് ഒരു തിരശ്ശീലയായി ഉപയോഗിക്കാം. പാവകളിക്കാരൻ/പാവകളിക്കാരി ചരടുകൾ ഉപയോഗിക്കുകയാണെങ്കിൽ മേശയുടെ പിന്നിലുള്ള ചരട് ചലിപ്പിച്ച് പാവകളി നടത്താം.*

**ചിത്രം 5.23:** *ഒരു പാവകളിയുടെ വേദിയായി ഉപയോഗിക്കുന്ന സ്ക്രീൻ ദീർഘചതുരമായിരിക്കണം (തിയേറ്ററിൽ ഒരു സിനിമ കാണുന്നത് പോലെ). ഇത് വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയും, സ്ക്രീനിന്റെ വലുപ്പം പാവകളെയും അവയുടെ ചലനത്തെയും വ്യക്തമായി കാണാൻ കഴിയുന്നത്ര വലുപ്പമുള്ളതായിരിക്കണം.*

പ്രദർശനത്തിനായി ഉപയോഗിക്കുന്ന പാവകളെ പ്രേക്ഷകർക്ക് കാണാൻ കഴിയാത്തവിധം സ്റ്റേജിന് സമീപം സൂക്ഷിക്കണം. ഉദാഹരണത്തിന്, മേശ മറയ്ക്കാൻ ഉപയോഗിക്കുന്ന തുണിയുടെ പിന്നിൽ നിങ്ങൾക്ക് പാവകളെ സൂക്ഷിക്കാം.

1. നിങ്ങൾ പാവകളി എവിടെയാണ് നടത്തുന്നത് ?

....................................................................................................................................

....................................................................................................................................

2. പ്രദർശനസമയത്ത് നിങ്ങൾ പാവകളെ എവിടെയാണ് സൂക്ഷിക്കുന്നത് ?

....................................................................................................................................

....................................................................................................................................

## ബി. പശ്ചാത്തലം

കഥ നടക്കുന്ന പശ്ചാത്തലം കാണിച്ചുതരുന്നതിനാൽ രംഗപടത്തിന് വലിയ പ്രാധാന്യമുണ്ട്. കഥ ഒരു രംഗത്തിൽ നിന്ന് അടുത്തതിലേക്ക് പുരോഗമിക്കുമ്പോൾ പശ്ചാത്തലവും മാറിയേക്കാം, അതുകൊണ്ടുതന്നെ രംഗപടത്തിലും മാറ്റം വരുത്തേണ്ടിവരും. ഒരു ചാർട്ട് പേപ്പറിലോ പഴയ ബെഡ്ഷീറ്റിലോ നിങ്ങൾക്ക് ഈ വ്യത്യസ്ത രംഗപടങ്ങൾ വരച്ചോ പെയിന്റ് ചെയ്തോ തയ്യാറാക്കാവുന്നതാണ് (ചിത്രം 5.24). രംഗം മാറുന്നതിനനുസരിച്ച് രംഗപടവും മാറുന്നു. കൊളുത്തുകളോ വളയങ്ങളോ ഉപയോഗിച്ച് രംഗപടം വശങ്ങളിലേക്ക് നീക്കാനും സാധിക്കും.

[redacted]

**ചിത്രം 5.24:** *മൃഗങ്ങളുള്ള കാടാണ് പശ്ചാത്തലം*

© NCERT not to be republished

ബെഡ്ഷീറ്റിൽ വരയ്ക്കുകയോ പെയ്ന്റ് ചെയ്യുകയോ (ചിത്രം 5.24). ചെയ്യാം. അല്ലെങ്കിൽ തിരശ്ശീലയിൽ പശ്ചാത്തലം വരച്ച് ഹുക്കുകളോ വളയങ്ങളോ ഉപയോഗിച്ച് സ്ലൈഡ് ചെയ്യാം.

1. നിങ്ങൾ തയ്യാറാക്കിയ രംഗപടങ്ങൾ ഹ്രസ്വമായി വിവരിക്കുക.

........................................................................................................................

........................................................................................................................

## സി. വസ്തുക്കൾ



**ചിത്രം 5.25:** *ഒരു കുരങ്ങൻ മരത്തിൽ നിന്ന് ആപ്പിൾ പറിച്ചെടുക്കുന്നുവെന്ന് കാണിക്കാൻ മരം ഉപയോഗിക്കുക. വടി ഉപയോഗിച്ച് കുരങ്ങിന്റെ കൈ ചലിപ്പിക്കുക.*

ഉപയോഗിക്കുന്ന വസ്തുക്കളുടെ സ്വഭാവം അവ എങ്ങനെ ഉപയോഗിക്കപ്പെടുന്നു

എന്നതിനെ അനുസരിച്ചിരിക്കും

കട്ടിയുള്ള കാർഡ്ബോർഡ് ഉപയോഗിച്ച് കസേര, കിടക്ക, അല്ലെങ്കിൽ സിംഹാസനം തുടങ്ങിയവ നിർമ്മിക്കാം. പാവകളിക്കാരൻ/

പാവകളിക്കാരി കൈ കൊണ്ടാണ് പ്രോപ്പ് ഉപയോഗിക്കുന്നതെങ്കിൽ, അത് വളരെ ഭാരം കുറഞ്ഞതായിരിക്കണം. പേപ്പർ (ഉദാഹരണത്തിന്, പത്രം, ചപ്പാത്തിബോക്സ്) അലുമിനിയം (ഉദാഹരണത്തിന്, വാൾ, കത്തി), കാർഡ്ബോർഡ് അല്ലെങ്കിൽ ഡിസ്പോസിബിൾ കണ്ടെയ്നറുകൾ (ഉദാഹരണത്തിന്, ഗ്യാസ് സ്റ്റൗ, പ്ലേറ്റുകൾ) (ചിത്രം 5.25) പോലുള്ള ലളിതമായ വസ്തുക്കൾ ഉപയോഗിച്ച് പ്രോപ്പുകൾ നിർമ്മിക്കാം.

1. നിങ്ങൾ തയ്യാറാക്കിയ പ്രോപ്പുകളെക്കുറിച്ച് ഹ്രസ്വമായി വിവരിക്കുക.

........................................................................................................................

........................................................................................................................

## ഡി. ശബ്ദം

പാവകളിയിൽ ശബ്ദവിന്യാസക്രമത്തിന് നല്ല പങ്കുണ്ട്. പാവകളിക്കാരൻ/ പാവകളിക്കാരി അവളുടെ അല്ലെങ്കിൽ അവന്റെ ശബ്ദത്തിലൂടെയാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. കഥാപാത്രങ്ങളെ വേർതിരിച്ചറിയാൻ നിങ്ങൾ ഓരോ പാവയ്ക്കും വ്യത്യസ്തമായ ശബ്ദങ്ങൾ നൽകണം. ഉദാഹരണത്തിന്, ഒരു സിംഹത്തിന് ആഴത്തിലുള്ളതും ആജ്ഞാപിക്കുന്നതുമായ ശബ്ദം എന്നാൽ ഒരു മുയലിന് ഉയർന്ന ശബ്ദവും നൽകണം.

നിങ്ങൾ എന്താണ് പറയുന്നതെന്ന് പ്രേക്ഷകർക്ക് മനസ്സിലാകണമെങ്കിൽ വ്യക്തമായും ഉച്ചത്തിലും സംസാരിക്കുക. ശബ്ദക്രമീകരണം ഉപയോഗിച്ച് സന്തോഷം, ഭയം അല്ലെങ്കിൽ ആവേശം തുടങ്ങിയ വികാരങ്ങൾ പ്രകടിപ്പിക്കാം. ഉദാഹരണത്തിന്, ഒരു വേട്ടയാടൽ രംഗത്തിനിടയിൽ ഭയപ്പെടുകയോ അല്ലെങ്കിൽ ഒരു ഉദ്വേഗം നിറഞ്ഞ നിമിഷത്തിൽ മന്ത്രിക്കുകയോ ചെയ്യുക.

© NCERT not to be republished

നിങ്ങൾ തയ്യാറാക്കിയ തിരക്കഥ റഫർ ചെയ്യുക. പാവകളിക്കാരനോടപ്പം ശബ്ദാഭിനയം നടത്താൻ ശ്രമിക്കുക. ആവശ്യമുള്ളിടത്ത് ഒരുമിച്ച് ശബ്ദങ്ങൾ സൃഷ്ടിക്കുകയോ പാടുകയോ ചെയ്യുക. നിങ്ങളുടെ വിജയത്തിന് പരിശീലനമാണ് പ്രധാനം.

## ഇ. ശബ്ദവും സംഗീതവും

തിരക്കഥയ്ക്കും സംഗീതത്തിനും അനുസരിച്ച് നിങ്ങൾ പാവകളിയിൽ പശ്ചാത്തല സംഗീതവും സൗണ്ട് ഇഫക്റ്റുകളും ക്രമീകരിക്കണം. അതായത് മഴയ്ക്ക് മുന്നേ ഇടിമുഴക്കം. നിങ്ങൾക്ക് സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാം അല്ലെങ്കിൽ പെൻസിൽ, സ്കെയിൽ അല്ലെങ്കിൽ നിങ്ങളുടെ വിരലുകൾ ഉപയോഗിച്ച് തറയിലോ മേശയിലോ – തട്ടി ശബ്ദങ്ങൾ സൃഷ്ടിക്കാം. നിങ്ങളുടെ നാടകത്തിന് സംഗീതം പകരാൻ വ്യത്യസ്ത അളവിൽ വെള്ളം നിറച്ച ഗ്ലാസുകളിലോ കുപ്പികളിലോ തട്ടി നോക്കാവുന്നതാണ്. സൗണ്ട് സിസ്റ്റം ഉപയോഗിച്ച് നിങ്ങൾക്ക് വ്യത്യസ്തമായ സൗണ്ട് ഇഫക്ടുകൾ പരീക്ഷിച്ചു നോക്കാം; ഉദാഹരണത്തിന്, ഒരു മൈക്രോഫോണിലേക്ക് വിസിൽ അടിക്കുന്നത് കാറ്റിന്റെ ശബ്ദം പുറപ്പെടുവിക്കും (ചിത്രം 5.26).





**ചിത്രം 5.26:** *സംഗീതം നിർമ്മിക്കുക*

സംഗീതവും സൗണ്ട് ഇഫക്റ്റുകളും എങ്ങനെ സൃഷ്ടിക്കുമെന്ന് കണ്ടെത്താൻ പട്ടിക 5.3 കാണുക.

നിങ്ങൾക്ക് ഈ കീവേഡുകൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ സംഗീതം തിരയാവുന്നതാണ്: എക്സൈറ്റിംഗ് + സെലിബ്രേഷൻ + മ്യൂസിക്ക് + നോ കോപ്പിറൈറ്റ്.

## എഫ്. വെളിച്ചം

പ്രേക്ഷകർക്ക് പാവകളെ കാണാൻ വെളിച്ചം ആവശ്യമാണ്. പകൽ വെളിച്ചത്തിലോ ഔട്ട്ഡോറിലോ ആണെങ്കിൽ ലൈറ്റിന്റെ ആവശ്യമില്ല.

© NCERT not to be republished

ഷോ ഇരുണ്ട സ്ഥലത്താണെങ്കിൽ, ലൈറ്റുകൾ ആവശ്യമാണ്. എവിടെ സ്ഥാപിക്കണമെന്ന് മുൻകൂട്ടി ഉറപ്പിക്കണം. ഉദാഹരണത്തിന്, ചന്ദ്രനെയോ സൂര്യനെയോ അത്ഭുതവിളക്കിനെയോ കാണിക്കുന്നതിനായി നിങ്ങൾക്ക് തിരശ്ശീലയ്ക്ക് പിന്നിൽ ഒരു ടോർച്ച് ഉപയോഗിക്കാം. കൂടാതെ ഫെയറി ലൈറ്റുകൾ, ടേബിൾ ലാമ്പുകൾ, മൺവിളക്കുകൾ തുടങ്ങിയവയും ഉപയോഗിക്കാവുന്നതാണ്. ഏത് തരത്തിലുള്ള പ്രകാശക്രമീകരണങ്ങൾ വേണമെന്നും അവ എങ്ങനെ നിർമ്മിക്കണമെന്നും തീരുമാനിക്കാൻ നിങ്ങളുടെ തിരക്കഥ പരിശോധിക്കുക.

### ജി. പാവകളിക്കാരൻ/പാവകളിക്കാരി

പാവകളിക്കാരന്/പാവകളിക്കാരിക്ക് കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ നന്നായി പരിശീലിപ്പിക്കേണ്ടതുണ്ട്. നിങ്ങളല്ല പാവകളാണ് സംസാരിക്കുന്നത്. പാവകൾ എപ്പോൾ വേദിയിൽ പ്രവേശിക്കുമെന്നും എപ്പോൾ വേദിയിൽ നിന്ന് പുറത്തുകടക്കണമെന്നും നിങ്ങൾ അറിഞ്ഞിരിക്കണം.

രണ്ടാമതായി, പാവകൾ പ്രേക്ഷകരോട് സംസാരിക്കുമ്പോൾ കാണികൾ പാവയെ നോക്കണം. ഇതിനർത്ഥം ഒരു പാവകളിക്കാരനെന്ന/ പാവകളിക്കാരിയെന്ന നിലയിൽ നിങ്ങളുടെ മുഖം വികാരങ്ങളില്ലാത്തതായിരിക്കണം, അപ്പോൾ പ്രേക്ഷകർ നിങ്ങളെ നോക്കാതെ പാവയെ നോക്കും.

## പ്രവർത്തനം 8: ഒരു പാവകളി നടത്തുക

ഇപ്പോൾ പരിപാടിയുടെ സമയമായിരിക്കുന്നു. പ്രദർശനത്തിന് മുമ്പ് പട്ടികയിലെ ചെക്ക്ലിസ്റ്റ് നോക്കാൻ മറക്കരുത്

**പട്ടിക 5.5: പ്രീ-ഷോ ചെക്ക്ലിസ്റ്റ്**

| ക്രമ നമ്പർ | ചോദ്യങ്ങൾ | ഉണ്ട്/ഇല്ല |
|---|---|---|
| 1. | നിങ്ങളുടെ തിരക്കഥ തയ്യാറാണോ ? | |
| 2. | ഓരോ കഥാപാത്രത്തിനും അനുസരിച്ച് പാവകൾ ഉണ്ടാക്കിയിട്ടുണ്ടോ? | |
| 3. | പാവകൾക്കുള്ള വസ്ത്രം തയ്യാറാണോ? | |
| 4. | നിങ്ങളുടെ പാവകളെ ചലിപ്പിക്കാൻ കഴിയുമോ? | |
| 5. | സീക്വൻസും ഡയലോഗും നിങ്ങൾ അന്തിമമാക്കിയിട്ടുണ്ടോ? | |
| 6. | വേദി തയ്യാറാണോ? | |
| 7. | സാധനസാമഗ്രികൾ തയ്യാറാക്കിയോ? | |
| 8. | പശ്ചാത്തല സംഗീതം, സൗണ്ട്, ലൈറ്റ് ഇഫക്റ്റുകൾ എന്നിവ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? | |
| 9. | നിങ്ങൾ പരിശീലനം നടത്തിയിട്ടുണ്ടോ? | |
| 10. | ആരാണ് പാവകളി അവതരിപ്പിക്കേണ്ടതെന്നും പാവകളിയ്ക്ക് ശേഷം ആരാണ് അഭിനേതാക്കളെ അവതരിപ്പിക്കേണ്ടതെന്നും നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? | |

© NCERT not to be republished

ചുവടെയുള്ള സ്ഥലത്ത് സ്റ്റേജിന്റേയും ഇരിപ്പിടത്തിന്റേയും ഒരു രേഖാചിത്രം വരയ്ക്കുക.

എല്ലാം സജ്ജീകരിച്ചതിനുശേഷം, *കൗശൽ മേളയിൽ* നിങ്ങൾ ഒരു പാവകളി സംഘടിപ്പിക്കുക.

പരിപാടിക്ക് ശേഷം, കലാകാരന്മാർ കാണികളെ വണങ്ങുകയും സംഘത്തിലെ ഒരംഗം അഭിനേതാക്കളെ പരിചയപ്പെടുത്തുകയും കഥയുടെ രചയിതാവിനെ അഭിനന്ദിക്കുകയും പരിപാടി അവതരിപ്പിക്കാൻ നിങ്ങളെ സഹായിച്ച എല്ലാവരുടെയും പേരുകൾ പരാമർശിക്കുകയും വേണം.

അഭിനേതാക്കളുടെ പട്ടിക 5.6 ൽ ഉൾപ്പെടുത്താം. തിരക്കഥാകൃത്ത്, സംഗീതം, കലാസൃഷ്ടി, പാവക്കൂത്ത് നിർമ്മാണം, ലൈറ്റുകൾ തുടങ്ങിയ ചുമതലകളാകാം അവർക്കുള്ളത്.

**പട്ടിക 5.6: പാവകളിയിലെ അഭിനേതാക്കൾ**

| ക്രമനമ്പർ. | കലാകാരന്റെ പേര് | വേഷം |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |

not to be republished © NCERT

പരിപാടിക്ക് ശേഷം, പാവകളിയെക്കുറിച്ച് പ്രേക്ഷകരിൽ നിന്ന് പ്രതികരണം സ്വീകരിക്കണം.

നിങ്ങൾക്ക് പ്രേക്ഷകരോട് താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കാം :

1. പരിപാടിയുടെ ഏത് ഭാഗമാണ് അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്?

   ..............................................................................................................................

   ..............................

2. അത് മെച്ചപ്പെടുത്തുന്നതിനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ?

   ..............................................................................................................................

   ..............................................................................................................................

## മറ്റുള്ളവരിൽ നിന്ന് നിങ്ങൾ എന്തൊക്കെ പഠിച്ചു, അത് നിങ്ങൾ എങ്ങനെ ഉപയോഗിച്ചു?

നിങ്ങളുടെ സമൂഹത്തിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ നിങ്ങൾ സഹായവും മാർഗനിർദേശവും സ്വീകരിക്കണം. അവ പാവനിർമ്മാണം, ശബ്ദം, പ്രകാശം പ്രദർശനം, വസ്ത്രധാരണം, വേദി സജ്ജീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ടാകാം. പഠിച്ച ഏറ്റവും പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ എഴുതുക.

..............................................................................................................................

..............................................................................................................................

..............................................................................................................................

## നിങ്ങൾ എന്തൊക്കെ ചെയ്തു, അതിന് എത്ര സമയമെടുത്തു?

ഒരു പ്രവർത്തനം പൂർത്തിയാക്കാൻ എത്ര സമയമെടുക്കുമെന്ന് മനസിലാക്കേണ്ടത് പ്രധാനമാണ്.

ഓരോ പ്രവർത്തനത്തിലും നിങ്ങൾ ചെലവഴിച്ച സമയം കണക്കാക്കുക. താഴെയുള്ള ടൈംലൈനിൽ അവ അടയാളപ്പെടുത്തുക. പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളേക്കാൾ കൂടുതൽ നിങ്ങൾ ചെയ്താൽ, എണ്ണവും സമയവും ചേർക്കുക.

| പ്രവർത്തനം | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| എടുത്ത സമയം. --- പിരീയഡുകൾ | --- | --- | --- | --- | --- | --- | --- | |



© NCERT not to be republished

## നിങ്ങൾക്ക് മറ്റെന്തൊക്കെ ചെയ്യാൻ കഴിയും?

1. പാവകളിൽ കൂടുതൽ ചലനം ഉൾപ്പെടുത്തുക. ഷോയുടെ ആവശ്യങ്ങൾക്കനുസരിച്ച് നിങ്ങൾക്ക് കൈകളുടെയും കാലുകളുടെയും കഴുത്തിന്റെയും ചലനങ്ങൾ ചേർക്കാൻ കഴിയും.
2. ലൈറ്റ് ഇഫക്റ്റ് സൃഷ്ടിക്കാൻ പ്രകാശം, കണ്ണാടി, പ്രതിഫലനം എന്നിവ ഉപയോഗിക്കുക.
3. ആനിമേഷനുകൾ സൃഷ്ടിക്കാൻ നിങ്ങൾക്ക് പാവകളും കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകളും ഉപയോഗിക്കാമോ?

   **സൂചന:** നിങ്ങൾക്ക് പേപ്പർ-കട്ടൗട്ടുകളും ചലനങ്ങളും സ്റ്റോപ്പ്-മോഷൻ അപ്ലിക്കേഷൻ വഴി സൃഷ്ടിക്കാൻ കഴിയും.

## ചിന്തിക്കുകയും ഉത്തരം നൽകുകയും ചെയ്യുക

1. എന്താണ് ആസ്വദിച്ച് ചെയ്തത് ?
2. നിങ്ങൾ നേരിട്ട വെല്ലുവിളികൾ എന്തൊക്കെയാണ് ?
3. അടുത്ത തവണ നിങ്ങൾ വ്യത്യസ്തമായി എന്തുചെയ്യും?
4. നിങ്ങളുടെ തിരക്കഥയും പാവകളിയും ഒരു സിനിമ, ടിവി ഷോ, കാർട്ടൂണുകൾ അല്ലെങ്കിൽ ആനിമേഷൻ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രകടനവുമായി താരതമ്യം ചെയ്യുക. അവ തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും കണ്ടെത്തുക.
5. നിങ്ങൾ ഇപ്പോൾ ചെയ്ത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലികൾ തിരിച്ചറിയുക. ഉദാഹരണത്തിന്, തിരക്കഥാകൃത്ത്, പാവ നിർമ്മാതാവ്, കോസ്റ്റ്യൂം ഡിസൈനർ, വോയ്സ് മോഡുലേറ്റർ, ലൈറ്റ് ആൻഡ് സൗണ്ട് ടെക്നീഷ്യൻ. ഈ രംഗത്തെ പ്രശസ്തരുമായി സംസാരിച്ച് നിങ്ങളുടെ ഉത്തരം എഴുതുക.

© NCERT not to be republished